# എറണാകുളം റൂറൽ ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരുടെ ചിരകാലാഭിലാഷമായ സബ്സിഡിയറി സെൻട്രൽ പോലീസ് കാന്റീൻ ഉദ്ഘാടനം ചെയ്തു.

എറണാകുളം റൂറൽ ജില്ലാ പോലീസിന്റെ കീഴിൽ സബ്സിഡിയറി സെൻട്രൽ പോലീസ് കാന്റീൻ പെരുമ്പാവൂർ കാഞ്ഞിരക്കാട് പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിലുള്ള പുതിയ കെട്ടിടത്തിൽ ഇന്ന് പ്രവർത്തനം ആരംഭിച്ചു.

ആയതിന്റെ ഉദ്ഘാടനകർമം ബഹു. കേരളാ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം.എം.മണി അവർകൾ ഇന്ന് ഉച്ചകഴിഞ്ഞ് സംഘടിപ്പിച്ച ചടങ്ങിൽ വെച്ച് നിർവഹിച്ചു.

പ്രസ്തുത ചടങ്ങിൽ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ് സ്വാഗതംപറഞ്ഞു, ബഹു. പെരുമ്പാവൂർ എം.എൽ.എ ശ്രീ. എൽദോസ് കുന്നപ്പിള്ളി അദ്ധ്യക്ഷനായിരുന്നു. ബഹു. പെരുമ്പാവൂർ മുനിസിപ്പൽ ചെയർപേർസൺ ശ്രീമതി.സതി ജയകൃഷ്ണൻ, ബഹു. നഗരസഭാ കൌൺസിലർ ശ്രീ.മനോഹരൻ, എറണാകുളം റൂറൽ ജില്ലാ പോലീസ് ഭരണ വിഭാഗം ഡി.വൈ.എസ്.പി ശ്രീ.എൻ.ജയരാജ്, കേരളാ പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.സി.ആർ.ബിജു, കേരളാ പോലീസ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.പി.ജി.അനിൽകുമാർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പെരുമ്പാവൂർ ഡി.വൈ.എസ്.പി ശ്രീ.ജി.വേണു കൃതജ്ഞത രേഖപ്പെടുത്തി.




LG


സബ്സിഡിയറി
പോലീസ് ക്യാന്റീൻ